**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1198**

**29.09.2011 ൽ മറുപടിയ്ക്ക്**

# ഡി. റ്റി .പി .സി.. കളിലെ നിയമനം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ നിയമന വ്യവസ്ഥകൾ എന്തെല്ലാമാണ് ; അത് സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ; | (എ) | ബന്ധപ്പെട്ട ജില്ലയിലെ സർക്കാർ അർദ്ധസർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്ന യോഗ്യരായ ഉദ്യോഗസ്ഥരുടെ പാനലിൽ നിന്നും ജില്ലാ കളക്ടറും ടൂറിസം ഡയറക്ടറുമടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ നടത്തി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലൂടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ നിയമനം നടത്തണമെന്നാണ് 03/02/2010 -ലെ ജി.ഒ.(എം.എസ്)23/10/ടൂറിസം നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിയമന രീതി, യോഗ്യത, നിയമന കാലാവധി, അപേക്ഷിക്കേണ്ട രീതി തുടങ്ങിയവയൊക്കെ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ജില്ലകളിൽ സെക്രട്ടറിമാരെ പുതുതായി നിയമിച്ചിട്ടുണ്ട് ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ഡി.റ്റി.പി.സി സെക്രട്ടറിമാരെ നിയമിച്ചിട്ടില്ല. |
| (സി) നിയമനങ്ങളെല്ലാം നിലവിലുള്ള ഉത്തരവിന് വിധേയമായിട്ടാണോ നടത്തിയിട്ടുള്ളത് ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) ഡി.റ്റി.പി.സി-കളിൽ താത്ക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് വ്യവസ്ഥയിലോ സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ടോ; അത് നിയമാനുസൃതമാണോ; വ്യക്തമാക്കാമോ ? | (ഡി) | കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിലവിലുള്ള ഡി.റ്റി.പി.സി സെക്രട്ടറിമാരെ കോൺട്രാക്ട് വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. 03/02/2010 -ലെ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാവുന്നതിനു മുൻപ് 2009 -ലാണ് അവരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചത്. പ്രസ്തുത ജില്ലകളിലും |

03/02/2010 - ലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറിമാരെ പുതുതായി നിയമിക്കാനുള്ള നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
താൽക്കാലികാടിസ്ഥാനത്തിൽ ഡി.റ്റി.പി.സി കളിൽ സെക്രട്ടറിമാരെ നിയമിച്ചിട്ടില്ല. എന്നാൽ ഡെപ്യൂട്ടേഷൻ മുഖേന നിയമിച്ച ഡി.റ്റി.പി.സി സെക്രട്ടറിമാർ നിലവിലില്ലാത്ത ചില ജില്ലകളിൽ ടൂറിസം വകുപ്പിലെ ജില്ലാ ഓഫീസർക്ക് ഡി.റ്റി.പി.സി സെക്രട്ടറിയുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ